പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1720

07/03/2018-ൽ മറുപടിക്ക്

## സാംക്രമികേതര രോഗങ്ങൾ നിയന്ത്രിക്കുന്നതിനും തടയുന്നതിനുമുള്ള നടപടികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.മഞ്ഞളാംകുഴി അലി | | ശ്രീമതി . കെ.കെ. ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) | |
| എ) | സാംക്രമികേതര രോഗങ്ങൾ വർദ്ധിച്ചുവരുന്നതായുള്ള കണക്കുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരം രോഗങ്ങൾ നിയന്ത്രിക്കുന്നതിനും തടയുന്നതിനുമുള്ള എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നത്; | എ) | സാംക്രമികേതര രോഗങ്ങൾ വർദ്ധിച്ചു വരുന്നതായാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. നഗരവല്ക്കരണവും പാശ്ചാത്യവല്ക്കരണവും അതിലൂടെ ജനങ്ങളുടെ ജീവിതശൈലിയിലുണ്ടായ കാതലായ വ്യതിയാനങ്ങളാണ് സംസ്ഥാനത്തെ ഭൂരിപക്ഷം ജനങ്ങളേയും ഇത്തരം രോഗങ്ങളിലേയ്ക്ക് നയിക്കുന്നതിന് കാരണം. ഇത് നിർണ്ണയിക്കുന്നതിനും നിയന്ത്രിക്കുന്നതിനും സംസ്ഥാന ആരോഗ്യ വകുപ്പ് അമൃതം ആരോഗ്യം എന്ന പേരിൽ സംസ്ഥാന ജീവിതശൈലിരോഗ നിയന്ത്രണ പദ്ധതി ആരംഭിച്ചിട്ടുണ്ട്. രോഗങ്ങൾ വരാതിരിക്കുന്നതിനായി ആരോഗ്യ ബോധവൽക്കരണം, രോഗങ്ങൾ മുൻകൂട്ടി കണ്ടെത്തുന്നതിനുള്ള സ്ക്രീനിംഗ് പദ്ധതി രോഗം സ്ഥിരീകരിച്ചവർക്ക് സൗജന്യമായി ചികിത്സയും മരുന്നും ലഭ്യമാക്കുക എന്നതാണ് ഈ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം. സംസ്ഥാനത്തെ എല്ലാ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും, സാമൂഹികാരോഗ്യകേന്ദ്രങ്ങളിലും കുടുംബക്ഷേമ ഉപകേന്ദ്രങ്ങളിലും ജില്ല/ജനറൽ ആശുപത്രികളിലും ഈ സേവനം ലഭ്യമാക്കിയിട്ടുണ്ട്. |
| ബി) | പ്രസ്തുത രോഗങ്ങൾ തടയുന്നതിന് സ്കൂൾ പഠനകാലത്ത് തന്നെ ബോധവത്കരണം നടത്തുന്നതിന് ആരോഗ്യ വകുപ്പ് എന്തെങ്കിലും പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ടോ; എങ്കിൽ സ്കൂളുകൾ കേന്ദ്രീകരിച്ച് എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തിവരുന്നതെന്ന് അറിയിക്കുമോ? | ബി) | സ്കൂൾ കുട്ടികളിൽ ജീവിതശൈലിരോഗങ്ങളെ കുറിച്ചുള്ള ബോധവൽക്കരണവും ആരോഗ്യ വിദ്യാഭ്യാസവും പ്രവൃത്തി പരിചയവും ജീവിതശൈലി രോഗ നിയന്ത്രണ പദ്ധതിയുടെ ഭാഗമായി LEAP എന്ന പേരിൽ ആരോഗ്യ വകുപ്പ് നടപ്പിലാക്കി വരുന്നു. ആരോഗ്യപരമായ ഭക്ഷണം, ചിട്ടയായ വ്യായാമം, ലഹരിയിൽ നിന്നുള്ള മുക്തി എന്നിവയെക്കുറിച്ചുള്ള ആരോഗ്യ ബോധവൽക്കരണം രോഗ സാധ്യതയുള്ള കുട്ടികളെ കണ്ടെത്തി ചികിത്സിക്കുക, യോഗ മറ്റ് വ്യായാമ മുറകൾ എന്നിവ വിദ്യാർത്ഥികളെ ശീലിപ്പിക്കുക എന്നിവയാണ് ഈ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം. ഇപ്പോൾ ഇത് സ്കൂൾ ആരോഗ്യ പദ്ധതിയുടെ ഭാഗമായി നടന്നുവരുന്നു. ഇതിന് പുറമേ യോഗ പരിശീലനം, ജംഗ്ഫുഡിനെതിരെയുള്ള ക്യാമ്പയിൻ എന്നിവയും സ്കൂളുകൾ കേന്ദ്രീകരിച്ച് നടന്നുവരുന്നു. |

സെക്ഷൻ ഓഫീസർ